# മൻ കി ബാത്ത്

വാല്യം – 6



# മൻ കി ബാത്ത്

## വാല്യം – 6


**രചയിതാക്കൾ**

ശാരദ മോഹൻ, തനുശ്രീ ബാനർജി

**ഇല്ലസ്ട്രേഷൻ, കവർ ഡിസൈൻ**

ദിലീപ് കാദം

**അസിസ്റ്റന്റ് ആർട്ടിസ്റ്റ്**

രവീന്ദ്ര മൊകാതെ



**നിർമ്മാണം**

അമർ ചിത്ര കഥ

**പ്രസാധനം**

അമർ ചിത്ര കഥ പ്രൈവറ്റ് ലിമിറ്റഡ്

**എഡിഷൻ I**

ISBN – 978-81-19596-41-6

Amar Chitra Katha Pvt. Ltd, September 2023



© Ministry of Culture, Govt of India, September 2023

All rights reserved. This book is sold subject to the condition that the publication may not be reproduced, stored in a retrieval system (including but not limited to computers, disks, external drives, electronic or digital devices, e-readers, websites), or transmitted in any form or by any means (including but not limited to cyclostyling, photocopying, docutech or other reprographic reproductions, mechanical, recording, electronic, digital versions) without the prior written permission of the publisher, nor be otherwise circulated in any form of binding or cover other than that in which it is published and without a similar condition being imposed on the subsequent purchaser.

You can now get ACK stories as part of your classroom with **ACK Learn**, a unique learning platform that brings these stories to your school with a range of workshops. Find out more at **www.acklearn.com** or write to us at **acklearn@ack-media.com**.

ഒരുവൻ ഒരു പ്രശ്നത്തെ അഭിമുഖീകരിക്കുയാണെങ്കിൽ, ആയാൾ അതിനെ നേരിടുന്നതെങ്ങിനെയാവും? നമ്മളിൽ ചിലരാണെങ്കിൽ പ്രശ്നത്തെ അവഗണിക്കാം, ചിലർ വിഷമിക്കും, പക്ഷെ ഒന്നും ചെയ്യാതെയുമിരിക്കും, ചിലർ പരിഹാരം കണ്ടെത്തുകതന്നെ ചെയ്യും.

ബബിത രാജ്പുത്ത് ഒരു പരിഹാരത്തിനായി ശ്രമിച്ചു.

തന്റെ ഗ്രാമത്തിലെ തടാകം വറ്റിവരണ്ടപ്പോൾ, ആളുകൾ കിലോമീറ്ററുകൾ നടന്ന് വെള്ളമെടുക്കേണ്ടി വന്നപ്പോൾ, വെള്ളം കൊണ്ടുവന്ന് വീണ്ടും തടാകം നിറയ്ക്കാൻ ബബിത തീരുമാനിച്ചു. അതിന് ബക്കറ്റുകളോ നീളമുള്ള പൈപ്പുകളോ ഉപയോഗിച്ചില്ല, മറിച്ച് ഉയരമുള്ള ഒരു കുന്നിലൂടെ ഒരു ചാലു വെട്ടി, മറുവശത്തുള്ള ഒരു കനാലിൽ നിന്ന് തടാകത്തിലേക്ക് വെള്ളമൊഴുകാൻ അനുവദിച്ചു.

ഈ വലിയ ദൗത്യത്തിനായി, അവൾക്ക് 200 സ്ത്രീകളുടെ സഹായം ലഭിച്ചു. അവർ സ്വയം 'ജൽ സഹേലികൾ' അല്ലെങ്കിൽ ജലത്തിന്റെ സുഹൃത്തുക്കൾ എന്ന് വിളിച്ചു. അവർ ഒരുമിച്ച് 18 മാസം കൊണ്ട് ഒരു വഴി വെട്ടിക്കൊണ്ട് തടാകം മാത്രമല്ല കുഴൽ കിണറുകൾ നിറയ്ക്കുന്നതിലും വിജയിച്ചു.

ഒരു പ്രശ്നമുണ്ടെങ്കിൽ അതിനെ അവഗണിച്ചതുകൊണ്ട് അതില്ലാതാകുന്നില്ല. അതു നിലനിൽക്കുകയും കൂടുതൽ വലുതായി മാറുകയും ചെയ്യുന്നു.

അതേക്കുറിച്ച് ആശങ്കപ്പെടുന്നതും ഗുണം ചെയ്യില്ല. ആകുലതകൾ, ആടുന്ന കസേരയിലിരുന്ന് ശക്തമായി ആടുന്നതുപോലെയാണ്. നിങ്ങൾ അതേ സ്ഥലത്തുതന്നെയായിരിക്കും, നിങ്ങൾ മുന്നോട്ടോ പിന്നോട്ടോ സഞ്ചരിക്കുകയില്ല.



പ്രശ്നങ്ങൾക്ക് എപ്പോഴും പരിഹാരമുണ്ട്. നിങ്ങൾ പരിഹാരം തേടുക, നിങ്ങൾ പരിഹാരം കണ്ടെത്തും.

നിങ്ങളുടെ ജീവിതത്തിൽ ഒരു പ്രശ്നം നേരിടേണ്ടിവരുമ്പോൾ അതൊരിക്കലും നിങ്ങളെ ബാധിക്കാൻ അനുവദിക്കില്ലെന്ന് ഇന്നെനിക്ക് ഉറപ്പു നൽകുക. നിങ്ങൾക്ക് അതിനെ തരണം ചെയ്യാൻ സാധിക്കുക തന്നെ ചെയ്യും.

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ഇസ്മായിൽബായ് ഷേരു | 3 |
| 2 | ടോങ്ബ്രം ബിജയശാന്തി | 6 |
| 3 | കൽപ്പന | 9 |
| 4 | ഇ–പരിസര | 12 |
| 5 | ബബിത രാജ്പുത്ത് | 15 |
| 6 | ഷർമിള ഓസ്വാൾ | 18 |
| 7 | ബിജയ് കുമാർ കബി | 21 |
| 8 | സിലു നായക് | 24 |
| 9 | സെന്റ് തെരേസാസ് കോളേജ് | 27 |
| 10 | കമല മൊഹറാണ | 30 |

# സാഗർ നായിക് മുലെ


നായർ സാറിന്റെ ക്ലാസ്സായിരുന്നു, വിദ്യാർത്ഥികൾ മറ്റൊരു മൻ കി ബാത്ത് കഥയ്ക്കായി കാത്തിരിക്കുകയായിരുന്നു.
കനത്ത മഴയിൽ കർഷകർക്കുണ്ടായ നഷ്ടത്തെക്കുറിച്ച് വായിച്ചോ?
അതെ, മോശം കാലാവസ്ഥ ഒരു വിളയെ എങ്ങനെ നശിപ്പിക്കുമെന്ന് അച്ഛൻ എന്നോട് പറയുകയായിരുന്നു.
നിന്റെ അച്ഛൻ പറഞ്ഞത് ശരിയാണ് പൂജ. കൃഷി അൽപം റിസ്ക്കുള്ള പണിയാകാം...
...എന്നാൽ പരിഷ്കരണം കൊണ്ട് കൃഷിയും ലാഭകരമാകുമെന്ന് തെളിയിച്ച ഒരു കർഷകനെക്കുറിച്ചാണ് ഇന്നത്തെ കഥ. ഗുജറാത്തിലെ രാംപുര ഗ്രാമത്തിലെ കർഷകനായ ഇസ്മയിൽഭായ് ഷേരുവാണ് ഈ മനുഷ്യൻ.
ഒരു കർഷക കുടുംബത്തിലാണ് ഇസ്മായിൽ ജനിച്ചത്.
വളം വിതറുന്നത് തുല്യമാണെന്ന് ഉറപ്പാക്കൂ.
വലുതാകുമ്പോൾ ഞാനും അച്ഛനെപ്പോലെ ഒരു കർഷകനാകും.


പ്രശ്നങ്ങളും ഉണ്ടായിരുന്നു.
ഈ വർഷം മഴ വീണ്ടും കുറഞ്ഞു. തൊഴിലാളികളുടെ കൂലി കൊടുത്താൽ പിന്നെ നമ്മുടെ കൈയ്യിൽ ഒന്നും ബാക്കിയില്ല.
കഴിഞ്ഞ രണ്ടു വർഷമായി ഇതാണ് സ്ഥിതി. ഈ നഷ്ട ങ്ങൾ നമ്മളെങ്ങനെ നികത്തും?
ഇസ്മായിൽ വളർന്നപ്പോൾ കൃഷിയോ ടുള്ള അഭിനിവേശം വളർന്നു.
അച്ഛാ, എനിക്ക് ഇപ്പോൾ കൃഷിപ്പണികളിൽ സഹായിക്കാനുള്ള പ്രായമായി.
എന്റെ കുട്ടാ, കൃഷിയെല്ലാം നഷ്ടത്തി ലാണ്. നമുക്കിപ്പോൾ തന്നെ എത്ര കടമുണ്ടെന്ന് നിനക്ക റിയില്ലേ? നഗരത്തിൽ പോയി ഒരു നല്ല ജോലി കണ്ടെത്തുക.
എല്ലാവരും ഇസ്മായിലിന്റെ സ്വപ്നങ്ങളെ നിരുത്സാഹപ്പെടുത്തി...
നിന്റെ മാതാ പിതാക്കൾ പറയു ന്നത് കേൾക്കണം. കൃഷിയിൽ ഇറങ്ങരുത്.
...പക്ഷെ അവൻ കേൾക്കാൻ തയ്യാറല്ലായിരുന്നു.
എല്ലാവരും ഇങ്ങനെ ചിന്തിച്ചാൽ പിന്നെ കർഷ കർ ബാക്കിയുണ്ടാകില്ല! കൃഷി ഇപ്പോഴും ലാഭകരമായ ഒരു സംരംഭമാണെന്ന് ലോകത്തിനു മുൻപിൽ ഞാൻ തെളിയിക്കും.
ഉരുളക്കിഴങ്ങുകൾ വളർത്താൻ ഇസ്മായിൽ തന്റെ ഫാമിൽ പുതിയ രീതികൾ അവലംബിക്കാൻ തുടങ്ങി.
ഞാൻ സ്പ്രിംഗ്ളർ ഇറിഗേഷനിൽ നിന്ന് ഡ്രിപ്പ് ഇറിഗേഷനിലേക്ക് മാറി, അതിനാൽ വെള്ളം പാഴാ കാതിരിക്കാനും വളങ്ങൾ ശരിയായി ഉപയോഗി ക്കാനും സാധിക്കുന്നു.
അതൊരു നല്ല ആശയമാണ്, ഇസ്മായിൽ!


അദ്ദേഹത്തിന്റെ കണ്ടുപിടുത്തം വിജയകരമായിരുന്നു, താമസിയാതെ അദ്ദേഹം ഉയർന്ന നിലവാരമുള്ള ഉരുളക്കിഴങ്ങിന്റെ പേരിൽ പ്രശസ്തനായി.
ഈ വർഷം മികച്ച വിളവു ലഭിച്ചു. വേസ്റ്റൊഴിവാക്കി ചിലവു കുറച്ചുകൊണ്ട് എനിക്ക് മികച്ച ലാഭം നേടാൻ കഴിഞ്ഞു.
അവന്റെ വിളയുടെ വിൽപ്പനയ്ക്കു സമയമായപ്പോൾ –
മിസ്റ്റർ ഇസ്മായിൽ നിങ്ങളോടൊപ്പമുള്ള വ്യാപാരം വളരെ സന്തോഷകരമായിരുന്നു. നിങ്ങൾ ഞങ്ങളുടെ കമ്പനിയെ നേരിട്ട് സമീപിച്ചതിൽ എനിക്ക് സന്തോഷമുണ്ട്.
ഇടനിലക്കാർ കാരണം കർഷകർക്ക് വളരെയധികം പണം നഷ്ടപ്പെടുന്നുണ്ടെന്ന് എനിക്കറിയാമായിരുന്നു.
അന്നുമുതൽ, ഇസ്മായിൽ തന്റെ ഉയർന്ന നിലവാരമുള്ള വിളകൾ ഇടനിലക്കാരില്ലാതെ നിരവധി വലിയ കമ്പനികൾക്കു വിറ്റു.
അച്ഛാ, ഈ വർഷത്തെ ലാഭം കൊണ്ട് നമ്മുടെ പഴയ കടങ്ങൾ ഞാൻ വീട്ടി. അങ്ങ് ഇനി ഒന്നിനെക്കുറിച്ചും വിഷമിക്കേണ്ടതില്ല.
ഞാൻ നിന്നെക്കുറിച്ച് അഭിമാനിക്കുന്നു മകനേ
ഇപ്പോൾ, പുതിയ കണ്ടുപിടുത്തങ്ങൾ നടത്താനും മറ്റു കർഷകരുടെ ഫാമുകൾ കൂടുതൽ ലാഭകരമാക്കാൻ ഇസ്മായിൽ അവരെ സഹായിക്കുന്നു.
തന്റെ റേഡിയോ ഷോയിൽ പ്രധാനമന്ത്രി മോദി ഇസ്മയിലിന്റെ ശ്രമങ്ങളെയും കർഷകരുടെ ജീവിതം മാറ്റുന്നതിനുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും പ്രശംസിച്ചു.

# ടോങ്ബ്രം ബിജയശാന്തി




*മണിപ്പൂരിലെ ബിഷ്ണുപൂരിലെ ഒരു ശുദ്ധജല തടാകം.


മൈക്രൊ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് മന്ത്രാലയം സംഘടിപ്പിച്ച സംരംഭകത്വ പരിശീലന പരിപാടിയിൽ ബിജയശാന്തി ചേർന്നു.
സസ്യങ്ങളുടെ ഔഷധഗുണങ്ങളെക്കുറിച്ചും സുഗന്ധങ്ങളെക്കുറിച്ചും കൂടുതലറിയാൻ എനിക്കു ചില ക്ലാസുകളിൽ ചേരണം.
പുതിയ അറിവുകളുടെ വെളിച്ചത്തിൽ, 2018 ൽ, ബിജയശാന്തി താമരയുടെ തണ്ടിൽ നിന്ന് നൂൽ നിർമ്മിക്കുന്നതിനുവേണ്ടി നാരുകൾ വേർതിരിച്ചെടുക്കാൻ തുടങ്ങി.
വരൂ, ഇതെങ്ങനെ ചെയ്യണമെന്ന് ഞാൻ നിങ്ങളെയും പഠിപ്പിക്കാം.
തുടക്കത്തിൽ, പത്തു പ്രാദേശിക സ്ത്രീകളുടെ ടീമുമായാണ് അവർ ആരംഭിച്ചത്.
ബിജയശാന്തി പിന്നീട് 'സനജിംങ് സന തമ്പൽ' എന്ന പേരിൽ ഒരു സംരംഭം ആരംഭിക്കുകയും തന്റെ ഗ്രാമത്തിലെ മറ്റു സ്ത്രീകളെ ഈ രീതി പഠിപ്പിക്കാൻ തുടങ്ങുകയും ചെയ്തു.
ആദ്യം, ഇതിൽ നിന്ന് നാരുകൾ വലിച്ചെടുക്കാൻ നമ്മൾ താമരയുടെ തണ്ട് പൊട്ടിക്കുന്നു.
കൈപ്പത്തിയും പലകയും ഉപയോഗിച്ച് നമ്മൾ നാരുകൾ ഉരുട്ടുന്നു.
ഈ നൂലുണ്ട, ഇതുപയോഗിച്ച് നമ്മൾ നെയ്തെടുത്തതാണ്.




*മണിപ്പൂരിലുടനീളം സംരംഭകത്വവും നവീകരണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സർക്കാർ പദ്ധതി.

# കൽപ്പന




*ഉത്തരാഖണ്ഡിലെ ഒരു ഗ്രാമം.




*കർണ്ണാടകയിലെ ഒരു നഗരം.




*പത്താം ക്ലാസ് പൊതു പരീക്ഷയിൽ വിജയിക്കുമ്പോൾ ലഭിച്ച സെക്കൻഡറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്

^ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ്

# ഇ-പരിസര




*ഒരു ലോഹത്തെ മറ്റൊരു ലോഹം കൊണ്ട് പൂശുന്ന പ്രക്രിയ


ഈ ലോഹങ്ങൾ വേർതിരിച്ചെടുക്കുന്നതിനുള്ള ശരി
യായ മാർഗം അവർക്കറിയാത്തതിനാൽ, അവർ
അവയെ ചതച്ചശേഷം അവശിഷ്ടങ്ങൾ കത്തിക്കുകയോ അല്ലെ
ങ്കിൽ ജലാശയങ്ങളിലേക്ക് വലിച്ചെറിയുകയോ ചെയ്യുന്നു.
മെർക്കുറി, ലെഡ് തുടങ്ങിയ
വിഷാംശമുള്ള രാസവസ്തുക്കൾ
ജലത്തിലൊ അന്തരീക്ഷത്തിലൊ കലരു
ന്നതിലേക്ക് ഇത് നയിക്കുന്നു. നമ്മൾ ആ
വായു ശ്വസിക്കുകയും ആ ജലം കുടി
ക്കുകയും ചെയ്യുന്നു!
ഇ–മാലിന്യം
പരിസ്ഥിതിയെ മലിനമാ
ക്കുകയും വിഷലി
പ്തമാക്കുകയും ചെയ്യു
മെന്ന് എനിക്കറിയില്ലാ
യിരുന്നു!
അതു സംഭവിക്കു
ന്നുണ്ട്. ഇ–മാലിന്യങ്ങൾ
സൃഷ്ടിക്കുന്നതിൽ ഇന്ത്യ
ലോകത്ത് മൂന്നാം സ്ഥാന
ത്താണ്, പക്ഷേ അതിന്റെ
ശരിയായ സംസ്കരണത്തെ
ക്കുറിച്ച് ഒരു അവ
ബോധവുമില്ല.
2005ൽ പാർത്ഥസാരഥി ഇ–പരിസര എന്ന പേരിൽ ഒരു
ഇ–മാലിന്യ പുനരുപയോഗ കമ്പനി ആരംഭിച്ചു.
നമ്മൾ അപകടകരമായ വസ്തുക്കൾ
വേർതിരിച്ചെടുക്കും, ഗ്ലാസ്, ലോഹം, പ്ലാസ്റ്റിക്
തുടങ്ങിയ അസംസ്കൃത വസ്തുക്കൾ വേർ
തിരിക്കുകയും, തുടർന്ന് നമുക്ക് കഴിയുന്ന
തെല്ലാം റീസൈക്കിൾ ചെയ്യുകയും ചെയ്യും.
E-Parisaraa Pvt.Ltd


അതിനായി ലളിതവും സുരക്ഷിതവും പരിസ്ഥിതി സൗഹൃദവുമായ മാർഗ്ഗങ്ങൾ ഇ–പരിസര ഉടൻ ആവിഷ്കരിച്ചു.
നോക്കൂ സർ, ഞങ്ങൾ ലിഥിയം ബാറ്ററികളിൽ നിന്ന് അലുമിനിയവും കോപ്പറും വീണ്ടെടുത്തു.
പഴയ കമ്പ്യൂട്ടറുകളുടെ പ്രിന്റഡ് സർക്യൂട്ട് ബോർഡുകളിൽ നിന്ന് വിലപിടിപ്പുള്ള ലോഹങ്ങളെ വേർതിരിച്ചെടുക്കാനുള്ള ഒരു മാർഗവും ഞങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
കൂടാതെ പൂജ്യം മലിനീകരണവും! നിന്നെയോർത്ത് ഞാൻ അഭിമാനിക്കുന്നു.
കേന്ദ്ര–സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരം നേടിയ ആദ്യത്തെ ഇ–മാലിന്യ പുനരുപയോഗം ചെയ്യുന്ന സ്ഥാപനമായി ഇ–പരിസര.
വേർതിരിച്ചെടുത്ത ലോഹങ്ങളെ ആഭരണങ്ങൾ, പേനകൾ, മറ്റ് വസ്തുക്കൾ എന്നിവ പ്ലേറ്റ് ചെയ്യാൻ ഉപയോഗിച്ചു.
വളരെ മനോഹരം
2010ൽ, മൈക്രോ, സ്മാൾ & മീഡിയം എന്റർപ്രൈസസ് മന്ത്രാലയത്തിന്റെ ദേശീയ അവാർഡുകളിൽ മികച്ച സംരംഭകത്വത്തിനുള്ള ഒന്നാം സമ്മാനം ഇ–പരിസരയ്ക്ക് ലഭിച്ചു.
MICRO, SMALL & MEDIUM ENTERPRISES
CHIEF GUEST
SMT. PRATIBHA DEVI SINGH
മറ്റ് അവാർഡുകളും അംഗീകാരങ്ങളും പിന്നാലെയെത്തി. 2023–ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മൻ കി ബാത്തിൽ അവരുടെ ശ്രമങ്ങളെ അംഗീകരിച്ചു.
ഇ–മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇതിലും നല്ല മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള പരിശ്രമം തുടരും. ഇ–മാലിന്യങ്ങൾ ശേഖരണ കേന്ദ്രങ്ങളിൽ മാത്രം നൽകുന്നതിലൂടെ നിങ്ങൾക്ക് ഞങ്ങളെ സഹായിക്കാനാകും. അതുവഴി നിങ്ങളുടെ ചുറ്റുപാടുകൾ മലിനമാക്കാതെ പുനരുപയോഗിക്കാം.

# ബബിത രാജ്പുത്ത്


വേനൽ അവധി അവസാനിച്ചു, സ്കൂളിലെ ആദ്യ ദിവസമായിരുന്നു.
അവധിക്കാലം എങ്ങനെ ഉണ്ടായിരുന്നു പൂജ?
ചോദിക്കല്ലേ ശ്രേയസ്. ഞങ്ങളുടെ അടുത്ത് വേനൽക്കാലം മുഴുവൻ വെള്ളമില്ലായിരുന്നു.
അതെ, എന്റേതും! അതുകൊണ്ടാണ് എന്റെ കുടുംബം കുറച്ചുനാൾ അമ്മാവന്റെ വീട്ടിൽ താമസിക്കാൻ പോയത്.
എന്നാൽ ദിനേശേ, വർഷം മുഴുവനും ജലക്ഷാമം നേരിടേണ്ടിവരുന്ന ആളുകളെ കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?
ഇന്ന്, ഞാൻ നിങ്ങളോട് ഒരു മൻ കി ബാത്ത് കഥ പറയാൻ പോകുന്നു, നിങ്ങളേക്കാൾ പ്രായമൊന്നുമില്ലാത്ത ഒരു യുവതി, തന്റെ ഗ്രാമത്തിലേക്ക് വെള്ളമെടുക്കാൻ മല തുരന്ന് പോകേണ്ടിവന്നു.
മധ്യപ്രദേശിലെ ഛത്തർപൂർ ജില്ലയിലെ അഗ്രോത ഗ്രാമത്തിൽ–
കഴിഞ്ഞ രണ്ടു വർഷമായി ഞങ്ങൾക്ക് മഴ ലഭിക്കുന്നില്ല. എല്ലാ ദിവസവും പകുതി സമയവും ചെലവഴിക്കുന്നത് ഞങ്ങൾ ദൂരെ വെള്ളമെടുക്കാനായി നടന്നാണ്.
വെള്ളം കൊണ്ടുപോകാൻ എനിക്ക് സഹായം ആവശ്യമുള്ളതിനാൽ എന്റെ കുട്ടികൾക്ക് ഇനി സ്കൂളിൽ പോകാൻ കഴിയില്ല. ഇത് ഇങ്ങനെ തുടരാൻ കഴിയില്ല.
19 കാരിയായ ബബിത രാജ്പുത്ത് വളരെ അസ്വസ്ഥയായിരുന്നു.
90 ഏക്കർ വിസ്തൃതിയുള്ള തടാകമുണ്ടെങ്കിലും മഴയില്ലാത്തതിനാൽ വറ്റിവരണ്ട നിലയിലാണ്. പ്രാഥമിക ആവശ്യങ്ങൾക്ക് വെള്ളം കിട്ടാതെയാണ് സ്ത്രീകൾ ബുദ്ധിമുട്ടുന്നത്. ഗ്രാമത്തിലെ മുതിർന്നവരും നടപടിയെടുക്കുന്നില്ല.


ഒരു ദിവസം, ഗ്രാമത്തിലെ എല്ലാ സ്ത്രീകളും പ്രശ്നം ചർച്ച ചെയ്യാൻ ഒത്തുകൂടി.
തടാകം നിറയ്ക്കാനുള്ള വഴി കണ്ടെത്തണം. അടുത്തുള്ള കനാലിലെ വെള്ളം എന്തുകൊണ്ട് ഉപയോഗിച്ചുകൂടാ?
മലയുടെ മറുകരയിലാണ് കനാൽ, ബബിത. ഇങ്ങോട്ട് കൊണ്ടുവരാൻ ഇതുവരെ പാത വെട്ടേണ്ടി വരും.
തീർച്ചയായും അതൊരു ദുഷ്കരമായ ദൗത്യമായിരിക്കും. എന്നാൽ ദിവസവും മണിക്കൂറുകളോളം മുകളിലേക്കും താഴേക്കും നടക്കുന്നതിലും നല്ലതല്ലേ?
മല സർക്കാരിന്റേതാണ്. പാത കുഴിക്കാമെന്ന് സമ്മതിച്ചാലും വനംവകുപ്പിന്റെ അനുമതിയില്ലാതെ അതിന് കഴിയില്ല.
കനാലിലെ വെള്ളം കായലിലെത്തുന്ന തരത്തിൽ കിടങ്ങ് നിർമ്മിക്കാൻ ആവശ്യമായ അനുമതികൾ നേടിയെടുക്കാൻ ബബിതയുടെ നേതൃത്വത്തിൽ സ്ത്രീകൾ തീരുമാനിച്ചു.
എന്നിരുന്നാലും, അധികാരികളുമായുള്ള ഇടപെടൽ സ്ത്രീകൾ സങ്കൽപ്പിച്ചതിലും ബുദ്ധിമുട്ടായിരുന്നു.
ഭാഗ്യവശാൽ, എൻജിഒയായ പർമാർത്ഥ് സമാജ് സേവി സൻസ്തയിലെ അംഗങ്ങൾ ഗ്രാമം സന്ദർശിച്ചു.
മാഡം, സ്ത്രീകൾ ഒരു കുന്ന് കുഴിക്കാൻ തയ്യാറാണ്. എന്നാൽ ഗ്രാമത്തിലെ മുതിർന്നവരും വനംവകുപ്പ് അധികൃതരും വിയോജിക്കുന്നു.
നിങ്ങൾ സ്ത്രീകൾ വലിയ ഇച്ഛാശക്തി പ്രകടിപ്പിക്കുന്നു. പേപ്പർ വർക്ക് നടത്താനും അനുമതികൾ നേടാനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.




*ഫ്രണ്ട്സ് ഓഫ് വാട്ടർ, പദ്ധതിയിൽ പ്രവർത്തിക്കുന്ന ഗ്രാമീണ സ്ത്രീകളുടെ ഗ്രൂപ്പിന്റെ പേര്

# ഷർമിള ഓസ്വാൾ




*ഫിംഗർ മില്ലറ്റ് ബോൾസ്
**ചോളം
^പേൾ മില്ലറ്റ് ഫ്ലാറ്റ്ബ്രെഡ്
^^മഹാരാഷ്ട്രയിലെ കൊങ്കൺ മേഖലയിലെ ഒരു ഗ്രാമം




*അമ്മായി, പ്രായമായ സ്ത്രീയെ ബഹുമാനത്തോടെ ഇങ്ങിനെ അഭിസംബോധന ചെയ്യാറുണ്ട്.




*അമേരിക്കയിലെ പ്രശസ്തമായ ഒരു സർവകലാശാല
^ജലം ന്യായമായി പങ്കിടുന്നത്

# ബിജയ് കുമാർ കബി




*ഒരു കൂട്ടം കുറ്റിച്ചെടികളും മരങ്ങളും തീരപ്രദേശങ്ങളിൽ ഉപ്പുവെള്ളത്തിൽ വളരുന്നു

^മണിക്കൂറിൽ 250 കിലോമീറ്ററിലധികം വേഗതയിൽ വീശിയ ഒരു വലിയ ചുഴലിക്കാറ്റ്




* സസ്യങ്ങളില്ലാത്ത, ഉപയോഗശൂന്യമായ ഒരു ഭൂമി

^ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണത്തെ പിന്തുണയ്ക്കുന്ന ഒരു സംഘടന




*പ്ലാന്റേഷനോടു ചേർന്നൊഴുകുന്ന ചെറു തോട്

# സിലു നായക്




*ഒഡിഷയിലെ ഒരു ഗ്രാമം
^ആർമി, എയർ ഫോഴ്സ്, നേവി




*ഒഡീഷ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്
^ഒഡീഷയിലെ ഒരു നഗരം













*സായുധ സേനയ്ക്ക് പുറമെ അർദ്ധസൈനിക സേനയും അതിർത്തി സുരക്ഷയും മറ്റും ഉൾപ്പെടുന്നു.

# സെന്റ് തേരെസാസ് കോളേജ്




*ഒരു സോഷ്യൽ എന്റർപ്രണർഷിപ്പ് ക്ലബ്

^കേരളത്തിലെ ഒരു നഗരം




* പരിസ്ഥിതി സൗഹൃദവും സുസ്ഥിരവും
^ബോക്സ് ഓഫ് ടോയ്സ്




*ഒരു ഗ്രാമീണ ശിശുസംരക്ഷണ കേന്ദ്രം
**ആറ് വയസ്സിന് താഴെയുള്ളവരും അവരുടെ അമ്മമാരും ഉൾപ്പെടുന്ന കുട്ടികൾക്കായുള്ള ഒരു ക്ഷേമ പരിപാടി
^ദാരിദ്ര്യം ഇല്ലാതാക്കുന്നതിനും സ്ത്രീകളെ ശാക്തീകരിക്കുന്നതിനുമുള്ള ഒരു കർമ്മപരിപാടി

# കമല മോഹറാണ


അവധി ആയിരുന്നു, പൂജ ഒഴികെ എല്ലാ വിദ്യാർത്ഥികളും കളിക്കുന്ന തിരക്കിലായിരുന്നു.
എന്തിനാ പൂജ ഈ ഉരുളൻ കല്ലുകൾ ശേഖരിക്കുന്നത്?
രസകരമായ ഒരു ശിൽപമുണ്ടാക്കാൻ ഞാൻ അവയെ ഒട്ടിച്ചുചേർക്കാമെന്നു വിചാരിച്ചു.
അതൊരു മനോഹരമായ ആശയമാണ്. ഇന്ന്, ക്ലാസ്സിൽ, ഒഡീഷയിൽ നിന്നുള്ള കമലാ മോഹറാണ എന്ന മറ്റൊരു സർഗ്ഗാത്മക വ്യക്തിയുടെ കഥ ഞാൻ നിങ്ങളോടു പറയാം. അവർ, വലിച്ചെറിയപ്പെട്ട കടലാസും പ്ലാസ്റ്റിക്കും കൊണ്ട് മികച്ച കലാസൃഷ്ടികളുണ്ടാക്കി.
കമലാ മോഹറാണയ്ക്ക് വിചിത്രമായ ഒരു ഹോബി ഉണ്ടായിരുന്നു.
എന്തിനാ അമ്മേ ഇതൊക്കെ ശേഖരിക്കുന്നത്?
വിഷമിക്കേണ്ട, ഞാൻ ഇവ നന്നായി ഉപയോഗിക്കും.
... ചില ആളുകൾക്കെങ്കിലും ഇതു വിചിത്രമായ ഒരു പ്രവൃത്തിയായാണ് തോന്നിയത്.
കമല, നിങ്ങൾ എന്തിനാണ് വേസ്റ്റ് പേപ്പറും പ്ലാസ്റ്റിക്കും ശേഖരിക്കുന്നത്?
ഇതുണ്ടാക്കാൻ.
ഈ കൊട്ട മനോഹരമാണ്. നിങ്ങൾ ഇത് മാലിന്യത്തിൽ നിന്ന് ഉണ്ടാക്കിയതാണെന്ന് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. എനിക്കും അത്തരം കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു!



അയൽവാസിയുടെ വാക്കുകൾ കമലയെ സ്വാധീനിച്ചു. അടുത്ത ദിവസം–
നിങ്ങൾക്ക് താൽപ്പര്യമുണ്ടെങ്കിൽ, ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിൽ നിന്ന് കൊട്ടകളും മറ്റ് ഉപയോഗപ്രദമായ വസ്തുക്കളും എങ്ങനെ നിർമ്മിക്കാമെന്ന് ഞാൻ നിങ്ങളെയും മറ്റുള്ളവരെയും പഠിപ്പിക്കാം. അതൊരു വരമാന മാർഗ്ഗമായേക്കും.
അതു കൊള്ളാ. എനിക്കിത് പഠിക്കാൻ ആഗ്രഹമുണ്ട്.
താമസിയാതെ, ഈ കഴിവുകൾ പഠിക്കാൻ ഒരു കൂട്ടം സ്ത്രീകൾ കമലയുടെ അടുത്തെത്തി.
ആദ്യം, നമ്മൾ വലിച്ചെറിയുന്ന എല്ലാത്തരം പ്ലാസ്റ്റിക്കുകൾ പേപ്പറുകൾ, റാപ്പറുകൾ, പാൽ പാക്കറ്റുകൾ, പ്ലാസ്റ്റിക് കവറുകൾ എന്നിവ ശേഖരിക്കുകയും വേർതിരിക്കുകയും ചെയ്യണം.
"അത് പിന്നീട് നന്നായി കഴുകണം....
പിന്നീട് അത് നേർത്ത തുണ്ടുകളായി മുറിക്കുക.
"... ഒടുവിൽ, നമ്മൾ അത് ഒരുമിച്ച് നെയ്തെടുത്ത് മനോഹരമായ കൊട്ട ഉണ്ടാക്കുന്നു."
കുട്ടകൾക്കൊപ്പം പെൻ സ്റ്റാൻഡുകൾ, മൊബൈൽ ഫോൺ സ്റ്റാൻഡ്, പൂച്ചട്ടികൾ, ഹാൻഡ് ഫാനുകൾ, പാഴ് വസ്തുക്കളിൽ നിന്ന് ചുമരിൽ തൂക്കിയിടാനുള്ള വസ്തുക്കൾ എന്നിവ സ്ത്രീകൾ ഉടൻ നിർമ്മിക്കാൻ തുടങ്ങി.
ഒരു ദിവസം–
അടുത്ത മാസം ഇവിടെ ഒരു മേള* വരുന്നു. അവിടെ നമുക്ക് നമ്മുടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ ശ്രമിക്കാം.
കമലയും സംഘവും മേളയിൽ നല്ല ലാഭം നേടി.


*വ്യാപാര മേള


താമസിയാതെ, അവർ തങ്ങളുടെ ഉൽപ്പന്നങ്ങൾ അവരുടെ ഗ്രാമത്തിലെയും സമീപ ഗ്രാമങ്ങളിലെയും ആളുകൾക്ക് പതിവായി വിൽക്കാൻ തുടങ്ങി.
അടുത്ത മാസം എന്റെ അനിയത്തിയുടെ കല്യാണമാണ്. എനിക്ക് അത്തരം 20 കൊട്ടകൾ ലഭിക്കുമോ?
തീർച്ചയായും, രണ്ടാഴ്ചയ്ക്കുള്ളിൽ അവർ തയ്യാറാകും.
പ്രാദേശിക ഭരണകൂടം സംഘത്തെക്കുറിച്ച് കേട്ടപ്പോൾ –
കമല, നിങ്ങളുടെ ടീം സുസ്ഥിര ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന ഒരു മികച്ച പ്രവൃത്തി ചെയ്യുന്നു. നിങ്ങളുടെ സ്വയം സഹായ സംഘത്തിന് ഒരു പേരുണ്ടെങ്കിൽ, അതിന് ധനസഹായം പോലും ലഭിക്കും.
ഞങ്ങൾ സ്വയം മാ തനപതി എന്ന് വിളിക്കുന്നു.
ഭരണകൂടത്തിന്റെ സഹായത്തോടെ, മാ തനപതി ഒഡീഷയിലുടനീളം ക്രാഫ്റ്റ് മേളകളിൽ അതിന്റെ സാധനങ്ങൾ വിൽക്കുന്നു.
കമലാ ദീദിക്ക് നന്ദി, ഞാൻ പ്രതിമാസം 6,000 രൂപ സമ്പാദിക്കുന്നു.
അതെ. എനിക്ക് സ്വന്തമായി സമ്പാദിക്കാൻ കഴിയുമെന്ന് ഞാൻ ഒരിക്കലും കരുതിയിരുന്നില്ല.
മാ തനപതി നിലവിൽ ഗ്രാമത്തിലെ 28 മുതൽ 63 വയസ്സുവരെയുള്ള 40 സ്ത്രീകൾക്ക് ഉപജീവനമാർഗം നൽകുന്നു.
തന്റെ സംരംഭം മറ്റ് ഗ്രാമങ്ങളിലും നടപ്പാക്കപ്പെടുമെന്ന് കമല പ്രതീക്ഷിക്കുന്നു, അങ്ങനെ നിരവധി പേർക്ക് ഉപജീവനമാർഗം പ്രദാനം ചെയ്യുന്നു.



# മൻ കി ബാത്ത്

## വാല്യം – 6

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റേഡിയോ പരിപാടിയെ അടിസ്ഥാനമാക്കിയുള്ള മൻ കി ബാത്തിന്റെ ആറാമത്തെ വാല്യം, രാജ്യമെമ്പാടുമുള്ള പ്രചോദനാത്മകമായ കഥകളാണ് നമുക്കു നൽകുന്നത്.

കൽപ്പന, ഉത്തരാഘണ്ഡിലെ കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥി തനിക്ക് സഹായകരമായ സൗകര്യങ്ങളുള്ള വിദ്യാലയം കണ്ടെത്തുന്നു. വൈകാതെ കന്നട ഭാഷയിൽ പാഠങ്ങൾ പഠിക്കുന്നു. കൽപ്പന പുതിയ ഭാഷ പഠിക്കുക മാത്രമല്ല, മൂന്നു മാസത്തെ പഠനംകൊണ്ട് 92 മാർക്ക് അവൾ നേടുന്നു.

മണിപ്പൂരിൽ നിന്നുള്ള സംരംഭകയായ വനിത ടോങ്ബ്രം ബിജയശാന്തി താമരപ്പൂവിനോടുള്ള തന്റെ പ്രണയത്തെ ഒരു വലിയ ബിസ്സിനസ്സ് സംരംഭമാക്കി മാറ്റുന്നു. അവർ താമര തണ്ടിൽ നിന്ന് നാരുകൾ ശേഖരിക്കുകയും മനോഹരമായ താമര പട്ട് നെയ്തെടുക്കുകയും ചെയ്തു.

ഗുജറാത്തിലെ ഒരു കർഷക കുടുംബത്തിലാണ് ഇസ്മായിൽഭായ് ഷേരു ജനിച്ചത്, തന്റെ പാരമ്പര്യ തൊഴിൽ ചെയ്യുന്നതൽ നിന്ന് കുടുംബം അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തപ്പെടുത്തിയെങ്കിലും കൃഷിയോടുള്ള അദ്ദേഹത്തിന്റെ അഭിനിവേശം നിലനിന്നു. നൂതനമായ രീതികളിലൂടെ ഉയർന്ന ഗുണമേന്മയുള്ള വിളയിലൂടെ സമപ്രായക്കാരെ പ്രചോദിപ്പിച്ച കർഷകനായി പിന്നീട് അദ്ദേഹം മാറുകയായിരുന്നു.

നിങ്ങൾ ഏതു സാഹചര്യത്തിൽ നിന്നുള്ളവരായാലും വിജയം സുനിശ്ചിതമാണ് എന്നു തെളിയിക്കുന്ന പത്തു കഥകളടങ്ങുന്നതാണ് സമാഹാരം.



₹99
www.amarchitrakatha.com
ISBN 978-81-19596-41-6
9 788119 596416